**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5825. 03.11.2016 ന് മറുപടിയ്ക്ക്**

**ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>,, എ.പി. അനിൽ കുമാർ<br>,, വി.എസ്.ശിവകുമാർ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിന്റെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായി ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് സംഘടിപ്പിയ്ക്കുന്ന ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കാൻ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ-''വിമുക്തി''യ്ക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ കുടുംബശ്രീ യൂണിറ്റുകളെ പങ്കാളികളാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) യും (സി) യും | ഉണ്ട്. കുടുംബശ്രീയടക്കമുള്ള, സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടുകൂടി മദ്യവിരുദ്ധ ലഹരിവർജ്ജന ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യ്ക്ക് രൂപം നല്കിയിട്ടുണ്ട്. "വിമുക്തി" യുടെ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |
| (സി) | കുടുംബശ്രീ യൂണിറ്റുകൾ നടത്തുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമാകുമെന്നതിനാൽ ഇതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | | |

സെക്ഷൻ ഓഫീസർ